## അരിസ്റ്റോട്ടിലിനെ തള്ളിക്കളയരുത്

അരിസ്റ്റോട്ടിലിനെ അങ്ങനെ തള്ളിക്കളയാമോ? മാതൃഭൂമി ഓണപ്പതിപ്പിലെ ഡോ: കെ. ഭാസ്കരൻ നായരുടെ ''സയൻസ് എന്നാൽ എന്ത്?'' എന്ന ശാസ്ത്രലേഖനത്തിൽ ഭൗതിക വസ്തുക്കൾ ഉയരത്തിൽ നിന്നും വീഴുമ്പോൾ വീഴ്ചയുടെ വേഗം അവയുടെ ഭാരത്തിനനുസരിച്ച് വ്യത്യാസപ്പെടുമെന്നുള്ള അരിസ്റ്റോട്ടിലിന്റെ വിശ്വാസത്തെ, ആധുനിക ശാസ്ത്രത്തിന്റെ പിതാവ് എന്നു വിളിക്കപ്പെടുന്ന ഗലീലിയോ 'ലീനിങ് ടൗവർ ഓഫ് പീസ്' എന്ന പ്രസിദ്ധമായ ഗോപുരത്തിന്റെ മുകളിൽ കയറി ചെറുതും വലുതുമായ രണ്ടു ലോഹഗോളങ്ങൾ ഒന്നിച്ച് താഴേയ്ക്കിട്ട് അവ രണ്ടും ഒരേ സമയത്ത് തറയിൽ വീഴുമെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്തി, ഖണ്ഡിച്ചു എന്നു പറയുന്നു.

എന്നാൽ ആ പരീക്ഷണം അത്ര ശരിയാണെന്ന് പറയാൻ നിവൃത്തിയില്ല. കാരണം ചെറുതും വലുതുമായ രണ്ടു ലോഹ ഗോളങ്ങളുടെ വ്യാപ്തം രണ്ടും വ്യത്യസ്തമാണ്. സ്വാഭാവികമായി വ്യാപ്തം കൂടുതലുള്ള വസ്തുവിന് മുകളിൽ നിന്നും താഴോട്ട് വീഴുമ്പോൾ വ്യാപ്തം കുറവുള്ള വസ്തുവിനേക്കാൾ വായുവിലുള്ള ഘർഷണം കൂടുതലായി അനുഭവപ്പെടുന്നു. ഇത് വസ്തുവിന്റെ താഴേയ്ക്കുള്ള വീഴ്ചയുടെ വേഗത്തെ കുറയ്ക്കുന്നു. അതിനാലാവാം ഉയരത്തിൽ നിന്നും വീണ ചെറുതും വലുതുമായ ലോഹഗോളങ്ങൾ ഒരേ സമയത്തു ഭൂമിയിൽ പതിച്ചതായി തോന്നിയത്. അതേ സമയം ഭാരത്തിൽ വ്യത്യാസമുള്ളതും ഒരേ പ്രതല വിസ്തീർണമുള്ളതുമായ രണ്ടു വസ്തുക്കൾ ഉയരത്തിൽ നിന്നും ഒരേ സമയം താഴേയ്ക്കിട്ടാൽ തീർച്ചയായും ഭാരം കൂടിയ വസ്തു ആദ്യം ഭൂമിയിൽ പതിക്കും. ഉദാഹരണത്തിന് ഒരേ പ്രതല വിസ്തീർണമുള്ളതും എന്നാൽ ഒന്നിന് ഭാരം കൂടുതലുള്ളതുമായ രണ്ടു പലകക്കഷണങ്ങൾ എടുത്ത് ഉയരത്തിൽ നിന്നും ഒരുപോലെ താഴേയ്ക്കിട്ടാൽ ഭാരം കൂടിയ പലകയാണ് ആദ്യം ഭൂമിയിൽ പതിക്കുന്നത് എന്നു കാണാം.

—തോമസ് ടി. എടത്തിൽ,
കോട്ടയം.

''ഭൂമി നിശ്ചലമായി നില്ക്കുകയാണെന്നും സൂര്യനും ചന്ദ്രനും മററു ഖേചരങ്ങളും അതിനുചുററും കറങ്ങുകയാണെന്നും'' ''ഇത് തെളിവുവേണ്ടാത്ത അടിസ്ഥാനവസ്തുതയായി ഗ്രീക്കുകാർ കാണുകയും അതിനെ ആശ്രയിച്ച് ഒരു ജ്യോതിശാസ്ത്രം അവർ രൂപപ്പെടുത്തുകയും ചെയ്തു''വെന്നും ഡോ: ഭാസ്കരൻ നായർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇത് പ്രാചീന യവനരുടെ ചിന്തകളെക്കുറിച്ച് തെററിദ്ധാരണ പരത്താൻ ഇടയാക്കുന്ന അവാസ്തവ പ്രസ്താവമാണ്. സാമോസിലെ പൈഥഗോറസ് (ക്രി. മു. ആറാം ശതകം), സാമോസിലെ അരിസ്റ്റാർക്കസ് (ക്രി. മു. മൂന്നാം ശതകം) എന്നിവരുടെ ജ്യോതിശ്ശാസ്ത്രതത്വങ്ങൾ ലേഖകൻ ശ്രദ്ധിക്കേണ്ടിയിരുന്നു. അവരുടെ വാനീയനിഗമനങ്ങൾ ഇവയാണ്:

1. പൈഥഗോറസ്: ഭൂമി, സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നു. രാത്രിയും പകലും ഉണ്ടാകുന്നതിനു കാരണം ഇതാണ്. ഖേചരങ്ങളുടെ അസ്തിത്വത്തിലും ചലനത്തിലും സംഗീതാത്മകസാമഞ്ജസ്യം ഉണ്ട്.

2. അരിസ്റ്റാർക്കസ്: പൈഥഗോറസിന്റെ ജ്യോതിശ്ശാസ്ത്ര നിഗമനങ്ങൾ ശരിയാണ്. മാത്രമല്ല, ഭൂമി, സൂര്യനു ചുററും കറങ്ങുകയാണ്. കാലാവസ്ഥകളുടെ ജന്മകാരണം ഈ ഭ്രമണപഥമാണ്.

പൈഥഗോറസിനു മുമ്പ് പാശ്ചാത്യലോകത്ത് ആരും ഭൂഭ്രമണ സത്യം വ്യക്തമായി പ്രഖ്യാപിച്ചിരുന്നില്ല. പോളണ്ടിൽ ജീവിച്ചിരുന്ന നിക്കോളസ് കോപ്പർനിക്ക് (1473–1543), സൂര്യനെ കേന്ദ്രമാക്കി ഭൂമിയും മററു ഗ്രഹങ്ങളും സ്വന്തം ഭ്രമണപഥങ്ങളിൽ ചുററിക്കറങ്ങുന്നു എന്നാണ് പറഞ്ഞത്. ഇത് പൈഥഗോറസിന്റെയും അരിസ്റ്റാർക്കസിന്റെയും നിഗമനങ്ങളുടെ പരിഷ്കൃതരൂപം മാത്രമാണ്. ഈ മൂന്നു ചിന്തകന്മാർ കണ്ടെത്തിയ യാഥാർത്ഥ്യങ്ങൾ, പരീക്ഷണങ്ങൾക്കു വിധേയമാക്കിയശേഷം, ആവർത്തിച്ചു പറയുകയാണ് ഇററലിക്കാരനായ ഗലീലിയോ ഗലീലി (1564–1642) ചെയ്തത്. ''അതും (സൂര്യനും) ചലിക്കുന്നു'' എന്നു കൂടി അദ്ദേഹം പ്രഖ്യാപിച്ചു. അന്ധകാരയുഗത്തിന്റെ ദൂഷിതവലയത്തിൽ കുടുങ്ങിക്കിടന്ന കത്തോലിക്കാസഭയുടെ മർദ്ദകപ്രസ്ഥാനമായ ഇൻക്വിസിഷനുമായി, ഇതുമൂലം അദ്ദേഹത്തിന് ഏററുമുട്ടേണ്ടി വന്നു. പോപ്പ് അദ്ദേഹത്തെ തുറുങ്കിലടയ്ക്കുകയും ചെയ്തു. അതുപോലെ ഡോ: നായർ ഇപ്പോൾ യവനചിന്തകരായ പൈഥഗോറസിന്റെയും അരിസ്റ്റാർക്കസ്സിന്റെയും നിഗമനങ്ങളെ അന്ധകാരത്തിന്റെ തുറുങ്കിലടയ്ക്കാനും സത്യം മറച്ചുപിടിക്കാനും ശ്രമിക്കുന്നു.

—ഡോ: സേവിയർ പോൾ,
കൊല്ലം—7.

''പൂർവ സങ്കല്പങ്ങളെയും സാമാന്യ ധാരണകളെയും ആശ്രയിക്കാതെ പ്രകൃതിയുടെ പ്രവർത്തനത്തെപ്പററി പരീക്ഷണങ്ങൾ നടത്തി പൊതു തത്വങ്ങൾ കണ്ടുപിടിക്കുന്ന സമ്പ്രദായമാണു'' സയൻസ് എന്നു നിർവചിക്കുന്ന ലേഖകൻ തന്നെ ''അവസാനം വരുമ്പോൾ അറിയുന്നവനും അറിയപ്പെടുന്നതും അറിവും കൂടികലർന്ന അനുഭൂതിമാത്രമേശേഷിക്കുന്നുള്ളു'' എന്നു സാക്ഷ്യപ്പെടുത്തുന്നതിൽ എന്തോ ഒരുപന്തികേടുതോന്നുന്നു. ഈ പ്രസ്താവങ്ങൾ പരസ്പര വിരുദ്ധവും യുക്തിരഹിതവുമാണ്. താർക്കികന്യായേന സിദ്ധാന്തവത്കരിക്കപ്പെട്ട ശങ്കരാചാര്യരുടെ അദ്വൈതവേദാന്തത്തിൽ മുഴച്ചുനില്ക്കുന്ന യുക്തിഭംഗം തന്നെയാണ് ഇവിടെയും കാണുന്നത്. അദ്വൈത വേദാന്ത സിദ്ധാന്തമനുസരിച്ച്, ലോകം അയഥാർത്ഥ (മായ) മാണ്. യഥാർത്ഥത്തിൽ ഇല്ലാത്ത ഒന്ന് സൃഷ്ടിക്കപ്പെട്ടുവെന്നു വിശ്വസിക്കുന്നതെങ്ങനെ? ആത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെന്നാണു ശങ്കരാചാര്യർ സിദ്ധാന്തിക്കുന്നത്. അങ്ങനെയാണെങ്കിൽ ആത്മാവിന്റെ പ്രതിഭാസമായ ബ്രഹ്മത്തെ യാഥാർത്ഥ്യമായി അംഗീകരിക്കുവാൻ കഴിയുമോ? ആത്മാവും ബ്രഹ്മവും ഒന്നായതുകൊണ്ട് ആത്മാവിനെ ബാധിക്കുന്നഅവിദ്യബ്രഹ്മത്തെയും ബാധിക്കുകയില്ലേ? ഈ ലോകജീവിതത്തിലെ വ്യാവഹാരിക വ്യക്തിത്വം അയഥാർത്ഥമാണെങ്കിൽ അതേ വ്യക്തിത്വത്തിന് താൻ ബ്രഹ്മമാണെന്നറിയാൻ കഴിയുന്നതെങ്ങനെ? അറിയുന്നവനും അറിയപ്പെടുന്നതും അറിവും കൂടിച്ചേർന്ന അനുഭൂതി എന്നു പറയുന്നത് ആത്മസാക്ഷാത്ക്കാരന്നിനുവേണ്ടിയുള്ള കഠിന യത്നത്തിന്റെ അന്ത്യത്തിൽ ബ്രഹ്മമല്ലാതെ മറെറാന്നുമില്ലെന്നറിയുന്നതിനു തുല്യമാണ്. ലക്ഷ്യത്തിലെത്തുമ്പോൾ യാത്രയും യാത്ര ചെയ്യുവനും അയഥാർത്ഥവും ലക്ഷ്യം മാത്രം യാഥാർത്ഥ്യവുമായിത്തീരുകയാണല്ലൊ ചെയ്യുന്നത്. കാരണം, ബ്രഹ്മമല്ലാതെ മറെറാന്നുമില്ല. ഇതെങ്ങനെ യുക്തിക്കു ചേരുന്ന ഒരു പ്രമാണമാകും?

പകുതി തുറന്ന വാതിൽ പകുതി അടഞ്ഞതുമാണ്. അതുകൊണ്ട്, മുഴുവൻ തുറന്ന വാതിൽ മുഴുവൻ അടഞ്ഞതായിരിക്കണം. ഇതൊരു തർക്കശാസ്ത്ര സിദ്ധാന്തമാണ്. ജീവിതത്തിലൊരിക്കലും വാതിൽ കാണുകയോ അറിയുകയോ ചെയ്തിട്ടില്ലാത്ത ഒരാളെ സംബന്ധിച്ചിടത്തോളം തുറന്ന വാതിൽ അടഞ്ഞതാണെന്നു വിശ്വസിച്ചെന്നു വരാം. എന്നാൽ ഇവിടെ സിദ്ധാന്തം പ്രയോഗസാധുത്വമുള്ളതല്ലെന്ന് മററുള്ളവർക്കറിയാം. സയൻസ് എന്ത് എന്നു പരിഗണിക്കുമ്പോൾ ശുദ്ധമേതത്വചിന്താപരമായ പ്രശ്നങ്ങൾക്കും പ്രസക്തിയുണ്ട് എന്ന ലേഖകന്റെ അഭിപ്രായത്തിന് പകുതിതുറന്ന വാതിലിനെക്കാൾ പ്രസക്തിയുണ്ടെന്നു തോന്നുന്നില്ല.

—ഏററുമാനൂർ ഗോപാലൻ,
കൊച്ചിൻ—24.

## ഒരു വാക്യം വിട്ടുപോയി

ദുരവസ്ഥയെപ്പററിയുള്ള ലേഖനത്തിൽ ഒരു വാക്യം പകർത്താൻ വിട്ടുപോയിട്ടുണ്ട്. 45—ാം പേജിൽ ഒന്നാം ഖണ്ഡികയിൽ ''ജീവനില്ലാത്ത ആഖ്യാനരീതിയും'' എന്നു തുടങ്ങുന്ന വാക്യത്തിനു മുമ്പ് ഈ വാക്യം ചേർക്കണം:

''തന്നുടെ ഭോജനവും കഴിഞ്ഞ്'' എന്നതിന്ന് അവൻ ഭക്ഷിച്ചുവെന്നർത്ഥമെടുക്കാമെങ്കിലും, 'അവൻ എരികൊള്ളികൾ കത്തിജ്വലിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു'' എന്നു മുമ്പെ പറഞ്ഞതാണൊരു പ്രതിബന്ധം—''

—എം. ലീലാവതി

## 'രക്തപുഷ്പങ്ങളു'ടെ അവതാരികയ്ക്കു പിന്നിൽ

പ്രൊഫ: സുകുമാർ അഴീക്കോട് വടക്കേലച്ചനെക്കുറിച്ച് ഓണപ്പതിപ്പിൽ എഴുതിയ ലേഖനത്തിൽ 'രക്തപുഷ്പങ്ങൾ' എന്ന കാവ്യസമാഹാരത്തിന് അവതാരിക എഴുതാൻ ചങ്ങമ്പുഴ അദ്ദേഹത്തെ തിരഞ്ഞെടുത്തതിന് ഇങ്ങനെ ന്യായം കാണുന്നു: ''അച്ചന്റെ വിമർശന പാടവം, യുക്തിബലം, ധർമധീരത, സാഹിത്യ മർമജ്ഞത എന്നിവയെപ്പററി കേട്ടറിഞ്ഞുണ്ടായ ആദരം കൊണ്ടാണ് തന്റെ കൃതി അച്ചൻ തന്നെ അവതരിപ്പിക്കണമെന്ന് കവി ആഗ്രഹിച്ചത്....'' കവി ആവശ്യപ്പെട്ടിട്ടാണ് വടക്കേലച്ചൻ അവതാരിക എഴുതിയത് എന്ന് ഇവിടെ വ്യക്തമാകുന്നുണ്ടല്ലോ. സാഹിത്യലോകത്തിൽ പലരും ധരിച്ചുവെച്ചിട്ടുള്ളതും ഇവ്വിധമാണ്. എന്നാൽ ഈ അവതാരികയ്ക്കു പിന്നിൽ മറെറാരു കഥയാണുള്ളത്.

പുസ്തക പ്രസാധന രംഗത്ത് നവാഗതനായ മീനച്ചിൽ സ്വദേശി വി. എ. ജോസഫ് എന്ന വ്യക്തിയാണ് 'രക്തപുഷ്പങ്ങ'ളുടെ പ്രസിദ്ധീകരണാവകാശം എഴുതി വാങ്ങിയത്.

കൈയെഴുത്തു പ്രതി കൈയിൽ കിട്ടിയപ്പോൾ അപ്രതീക്ഷിതമായ ഭയാശങ്കകൾ പ്രസാധകനെ വലയം ചെയ്തു. വിപ്ലവത്തിന്റെയും നിരീശ്വരത്വത്തിന്റെയും അഗ്നിശിഖകൾ ആവഹിക്കുന്നതായിരുന്നു അതിലെ ഓരോ കവിതയും. യാഥാസ്ഥിതിക കത്തോലിക്കരുടേതായ ഒരു പ്രദേശത്ത് (പാലായിൽ) ഒരു കത്തോലിക്കനായ തനിക്ക് ഇത്തരമൊരു ഗ്രന്ഥത്തിന്റെ പ്രചാരകനും വില്പനക്കാരനും ആയി കഴിഞ്ഞു കൂടാൻ പററുമോ എന്നതായിരുന്നു അദ്ദേഹത്തിന്റെ ഭയം.

ഈ പ്രതിസന്ധി തരണം ചെയ്യാൻ പ്രസാധകന്റെ മുമ്പിൽ ഒററ പോംവഴിയേ ഉണ്ടായിരുന്നുള്ളു—ഒരു വൈദിക ശ്രേഷ്ഠനെക്കൊണ്ട് അവതാരിക എഴുതിക്കുക! ജോസഫിന്റെ നിരന്തര നിർബന്ധം കൊണ്ടാണ് വടക്കേലച്ചൻ അവതാരിക എഴുതാൻ തയ്യാറായത്.

വടക്കേലച്ചന്റെ അവതാരിക വേണമെന്ന പ്രസാധകന്റെ ന്യായമുഖങ്ങളിൽ, ആ മനുഷ്യന്റെ നിലനില്പിന്റെ പ്രശ്നമാണ് അന്തർഭവിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കിയതുകൊണ്ടാണ് ചങ്ങമ്പുഴ അതിനു വഴങ്ങിയത്. അദ്ദേഹം ജോസഫിന് അയച്ച തത്സംബന്ധമായ കത്തിൽ എഴുതി: ''സാധാരണയായി എന്റെ പുസ്തകങ്ങൾക്ക് അവതാരിക ചേർക്കുന്ന കാര്യത്തിൽ ഞാൻ വലിയ വിമുഖനാണ്. എന്നാൽ ഈ കൃതിയെ സംബന്ധിച്ചിടത്തോളം എനിക്കതിൽ യാതൊരുവിരോധവുമില്ല''. ഇതാണ് വടക്കേലച്ചന്റെ അവതാരിക ലഭിക്കുവാൻ ചങ്ങമ്പുഴ വഹിച്ച പങ്ക്. പ്രസാധകന്റെ അഭ്യർത്ഥനയെ മാനിച്ച് ഉപചാരത്തിനു വേണ്ടി അദ്ദേഹം പിന്നീട് അച്ചനു കത്തെഴുതിയിരിക്കാം. അതേ ഔപചാരികത്വം പുസ്തകത്തിൽ ചേർത്ത കവിയുടെ 'പ്രസ്താവനയിലും കടന്നു കൂടിയിരിക്കാം.

—പി.എ.ജി.നായർ,
ഭരണങ്ങാനം, പാലാ.

ഫാദർ ഏബ്രഹാം വടക്കേലിനെപ്പററി സുകുമാർ അഴീക്കോട് ഓണപ്പതിപ്പിൽ എഴുതിയിരിക്കുന്ന ലേഖനത്തിൽ ചങ്ങമ്പുഴയുടെ 'രക്തപുഷ്പങ്ങൾക്ക്' എഴുതിയ അവതാരികയാണ് അദ്ദേഹത്തെ പ്രശസ്തനും ശ്രദ്ധാർഹനുമാക്കിയതെന്നു പറഞ്ഞു കാണുന്നു. ഇതിനു വളരെ മുമ്പ് 1934—ൽത്തന്നെ ഫാ: ഏബ്രഹാം വടക്കേൽ കൈനിക്കര പദ്മനാഭപിള്ളയുടെ 'കാൽവരിയിലെ കല്പപാദപം' എന്ന കൃതിക്ക്, പ്രൗഢോജ്ജ്വലവും പഠനാർഹവുമായ അവതാരിക എഴുതി കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. സാഹിത്യത്തെപ്പററിയും, നാടകത്തെപ്പററിയും, സവിസ്തരം പ്രതിപാദിച്ച് കല്പപാദപത്തിന്റെ വൈശിഷ്ട്യം എടുത്തുകാട്ടുന്നതോടൊപ്പം, നാടകം വിജയപ്രദമായി അവതരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവതാരികയിൽ പ്രതിപാദിച്ചിട്ടുണ്ട്.

നീലമ്പേരൂർ രാമകൃഷ്ണൻനായർ,
തിരുവനന്തപുരം.

Digitized by Kerala Sahitya Akademi